ണിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിനെതിരെ പത്രമാധ്യമങ്ങളിലൂടെയും അല്ലാതെയും ഉയർത്തിയിട്ടുള്ള ശക്തമായ പൊതുജനാഭിപ്രായവും ഡയറക്ടർ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും മാത്രമാണ് ആകാശവാണിയുടെ പ്രാദേശിക വാർത്താവിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ലെന്നും പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽപ്പെടുന്നതാണെന്നും അറിയുന്നുണ്ട്.

(3) ഇരിട്ടി സബ്ട്രഷറിയുടെ ശോച്യാവസ്ഥ

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : സർ, എന്റെ മണ്ഡലത്തിന്റെ ഹെഡ് ക്വാർട്ടേഴ്സായ ഇരിട്ടിയിൽ 1986-ൽ സ്ഥാപിച്ച സബ്ട്രഷറിയുടെ പരാധീനതകളും പ്രശ്നങ്ങളുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒരു വാടക കെട്ടിടത്തിലാണ് ഈ സബ്ട്രഷറി പ്രവർത്തിക്കുന്നത്. കാറ്റും വെളിച്ചവും കടക്കാത്ത ഇരുട്ടറയാണ്. റിക്കാർഡുകൾ സൂക്ഷിക്കാൻ സംവിധാനമില്ല. സേഫിനു സേഫ്റ്റിയില്ല. ചോർന്നൊലിക്കുന്ന മുറികളാണ്. ഈ കെട്ടിടം ഒഴിയാൻ കെട്ടിട ഉടമ വക്കീൽനോട്ടീസ് അയച്ചിരിക്കുകയാണ്. അതുകൊണ്ട് അയാൾ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. ആവശ്യത്തിന് ജീവനക്കാരില്ല. ട്രഷറിയിൽ പണത്തിനു പോയാൽ അന്ന് ഇടപാടില്ല. മറ്റൊരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം വാടകയ്ക്ക് വിട്ടുകൊടുക്കാൻ സമ്മതപത്രം കൊടുത്തിട്ട് മാസങ്ങൾ കഴിഞ്ഞെങ്കിലും ബന്ധപ്പെട്ടവർ അനുവാദം കൊടുത്തില്ല. അതിനാൽ വാടക കെട്ടിടത്തിലേക്ക് സബ്ട്രഷറി മാറ്റുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സ്വന്തമായ കെട്ടിടം പണിയുന്നതിനും നടപടി സ്വീകരിക്കണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമോനോൻ)</u> : സർ, ഇരിട്ടി സബ്ട്രഷറി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. അറ്റകുറ്റ പണികൾ നടത്താത്തതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഈ സബ്ട്രഷറി മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഒരു കെട്ടിടം കണ്ടെത്താൻ വളരെ നാളുകളായി ശ്രമിക്കുകയാണ്. ഇപ്പോൾ ഇരിട്ടി ടൗണിൽ പയ്യഞ്ചേരി മുക്കിൽ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് നടപടികൾ പൂർത്തിയായി വരികയാണ്. ഇരിട്ടി സബ്ട്രഷറി ഈ വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതോടൊപ്പം സർക്കാർ ഭൂമി കണ്ടെത്തി ഈ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇരിട്ടി സബ്ട്രഷറിയിൽ താഴെപ്പറയുന്ന തസ്തികകളുണ്ട്. സബ്ട്രഷറി ഓഫീസർ-ഒന്ന്, അക്കൗണ്ടന്റ്-4, ട്രഷറർ-ഒന്ന്, ക്ലാസ്സ് IV ജീവനക്കാർ രണ്ട്. ജോലിഭാരം അനുസരിച്ച് ആവശ്യമെങ്കിൽ കൂടുതൽ സ്റ്റാഫിനെ അനുവദിക്കുന്നതാണ്.

(4) പുനലൂർ മണ്ഡലത്തിലെ വെട്ടിപ്പുഴ-ചെമ്മന്താർ പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീ. പി.എസ്. സുപാൽ</u> : സർ, പുനലൂർ മണ്ഡലത്തിൽപ്പെട്ട ന്യൂ എം.എൽ.എ സ്കീമിൽപ്പെടുത്തി നിർമ്മാണം ആരംഭിച്ച വെട്ടിപ്പുഴ ചെമ്മന്താർ പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഗതാഗത തിരക്കുള്ള പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly